<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4655 04.02.2014 ലെ മറുപടിയ്ക്ക്

<u>റസ്റ്റ് ഹൗസുകളുടെ നവീകരണം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) റസ്റ്റ് ഹൗസുകൾ പുതുക്കി പണിയുന്നതിന് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള 147 റസ്റ്റ് ഹൗസുകളിൽ 45 എണ്ണം പുതുക്കി പണിയുന്നതിന് 09.11.2011 ലെ സർക്കാർ ഉത്തരവ് (സാധാ) നം.1540/2011/പൊ.മ.വ. പ്രകാരം 6.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം തൈക്കാട് റസ്റ്റ് ഹൗസ് (70 ലക്ഷം), കോട്ടയം റസ്റ്റ് ഹൗസ് (56 ലക്ഷം), എറണാകുളം റസ്റ്റ് ഹൗസ് (80 ലക്ഷം), കോഴിക്കോട് റസ്റ്റ് ഹൗസ് (73 ലക്ഷം), കാക്കനാട് റസ്റ്റ് ഹൗസ് (50 ലക്ഷം), പാല റസ്റ്റ് ഹൗസ് (37 ലക്ഷം), എന്നിവയും 10 ലക്ഷത്തിന് താഴെ തുക അനുവദിച്ച മറ്റ് 38 റസ്റ്റ് ഹൗസുകളും ഉൾപ്പെടുന്നു. കാക്കനാട് റസ്റ്റ് ഹൗസ് ഒഴികെ ബാക്കി 44 റസ്റ്റ് ഹൗസുകളുടെയും പുതുക്കി പണികൾ പൂർത്തിയായിട്ടുണ്ട്. ഇതിനു ശേഷം റസ്റ്റ് ഹൗസുകൾ മൊത്തമായി പുതുക്കി പണിയുന്നതിനുള്ള പുതിയ പദ്ധതികൾക്കൊന്നും രൂപം കൊടുത്തിട്ടില്ല. ഫണ്ടിന്റെ ലഭ്യതയും ആവശ്യവും അനുസരിച്ച് ബാക്കി റസ്റ്റ് ഹൗസുകളുടെ |

|  |  |  |  |
|---|---|---|---|
|  |  |  | പുനരുദ്ധാരണത്തിനായി പദ്ധതികൾ നടപ്പിലാക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ബാധകമല്ല. |
| (സി) | ഇതിനുള്ള തുക എങ്ങനെ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) |  |
| (ഡി) | പദ്ധതിക്കായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ? | (ഡി) |  |

**സെക്ഷൻ ഓഫീസർ**